GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR. 100/2024 15.11.2024

**ഭാരത അന്താരാഷ്ട്ര വ്യാപാര മേള (IITF ) 2024 ന് ന്യൂ ഡൽഹിയിൽ തുടക്കം.**

ന്യൂ ഡൽഹി: വികസിത് ഭാരത് @2047 എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ വർഷത്തെ ഭാരത അന്താരാഷ്ട്ര വ്യാപാര മേള ന്യൂ ഡൽഹിയിലെ പ്രഗതി മൈതനനിയിൽ ഇന്നലെ ആരംഭിച്ചു. സ്വയം പര്യാപ്തത, രാജ്യത്തിൻറെ സമഗ്ര മേഖലകളിലെയും അഭിവൃദ്ധി, നവീനവും സുസ്ഥിരവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭരണസംവിധാനത്തിലൂടെ സാമ്പത്തിക വളർച്ച എന്നീ മേഖലകളെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.
കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകൻ -വിപണി -സർക്കാർ പിന്തുണ വികസിത കേരളത്തിന് എന്ന തീമിലാണ് കൃഷി വകുപ്പിൻറെ സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ എന്നിവ ഈ തീമിനെ ആസ്പദമാക്കി വിശദീകരിച്ചിട്ടുണ്ട്.
കൂടാതെ കേരളഗ്രോ, കേര ഫെഡ്, ആതിരപ്പള്ളി ട്രൈബൽ വാലി എന്നിവരുടെ വിൽപ്പന സ്റ്റാളുകളും സജീകരിച്ചിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിച്ച കേരളത്തിന്റെ സുഗന്ധ വ്യഞ്ജനങ്ങൾക്ക് പ്രദർശന വില്പന സ്റ്റാളിൽ ആവശ്യക്കാർ ഏറെയാണ്.
കൃഷി വകുപ്പിനെ പ്രതിനിധീകരിച്ചുകൊണ്ട് അഡിഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) ശ്രീ.സുനിൽ എ ജെ, തിരുവനന്തപുരം പ്രിൻസിപ്പൽ അഗ്രിക്കച്ചറൽ ഓഫീസർ ശ്രീ. അനിൽ, കൊല്ലം പ്രിൻസിപ്പൽ അഗ്രിക്കച്ചറൽ ഓഫീസർ ശ്രീ. രാജേഷ്, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ നിസാം. എസ്. എ, ക്യാമ്പയിൻ ഓഫീസർ ശ്രീ.മോഹനചന്ദ്രൻ, മറ്റു ജീവനക്കാർ എന്നിവർ പങ്കെടുത്തു. ഭാരത അന്താരാഷ്ട്ര വ്യാപാര മേള നവംബർ 27 ന് സമാപിക്കും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**